03515

05

# കേരള സർക്കാർ

## സംഗ്രഹം

നികുതി വകുപ്പ് – എക്സൈസ് – സംസ്ഥാനത്ത് നീര ഉത്പാദനത്തിനും വിപണനത്തിനും അനുമതി നൽകിക്കൊണ്ട് പുതുക്കിയ – ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (ജി) വകുപ്പ്

സ.ഉ. (കൈയ്യെഴുത്ത്) നം. 17/2014/നി.വ. തിരുവനന്തപുരം, തീയതി, 03/02/2014.

പരാമർശം:– 1. 15/01/2013– ലെ, ജി.ഒ. (ആർ.റ്റി) നമ്പർ 38/2013/നി.വ.
2. എക്സൈസ് കമ്മീഷണർ അദ്ധ്യക്ഷനായ ഉന്നതതലകമ്മിറ്റി സമർപ്പിച്ച പഠന റിപ്പോർട്ട്.
3. 23/09/2013– ലെ, ജി.ഒ. (എം.എസ്) നമ്പർ 160/2013/നി.വ.
4. എക്സൈസ് കമ്മീഷണറുടെ, 28/09/2013–ലെ എക്സ്.എ.1/1502/13 നമ്പർ കത്ത്.
5. എക്സൈസ് കമ്മീഷണറുടെ, 28/10/2013–ലെ എക്സ്.എ.1/1502/13 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ കള്ളുവ്യവസായം നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനും, നീര ഉത്പാദനം സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും, പരാമർശം (1) പ്രകാരം, എക്സൈസ് കമ്മീഷണർ അദ്ധ്യക്ഷനായി നിയമിതമായ ഉന്നതതല കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ, (i) നീരയുടെ ഉല്പാദനം, വിതരണം എന്നിവ അബ്കാരി നിയമങ്ങൾ അനുസരിച്ച് എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിലാക്കി നിലവിലെ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുക (ii) കള്ളുഷാപ്പുകൾ വില്പന നടക്കാത്തതിനാൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഒന്നിൽ കൂടുതൽ യൂണിറ്റുകൾക്കും മറ്റ് ജില്ലകളിൽ ഓരോ യൂണിറ്റിനും നീര ഉല്പാദിപ്പിക്കുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ നാളികേര വികസന ബോർഡിനു കീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സമിതി/സൊസൈറ്റി (സിപിഎസ്) ഫെഡറേഷൻ എന്നിവയ്ക്ക് അനുമതി നൽകുക (iii) കള്ള്ചെത്ത് മേഖലയിലുള്ളവർക്ക് നീര ചെത്തുന്നതിൽ മുൻഗണന നൽകുക, ആവശ്യത്തിന് തൊഴിലാളികൾ ലഭ്യമല്ലെങ്കിൽ ട്രെയിനിംഗ് നൽകി നീര ടെക്നീഷ്യൻമാരെ നിയോഗിക്കുക, ഇത്തരത്തിലുള്ളവരേയും കള്ളുചെത്തു തൊഴിലാളി ക്ഷേമ നിധിയിൽ അംഗങ്ങളാക്കുക, എന്നാൽ കള്ളുഷാപ്പുകളിൽ നീര വില്പന നടത്താൻ പാടില്ല (iv) റ്റോഡി-നീര ബോർഡ് രൂപീകരിക്കുക എന്നീ ശുപാർശകൾ പരിഗണിച്ച്, നീരയുടെയും അതിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ഉത്പാദനത്തിനും വിതരണത്തിനുമായി, (1) നീരയുടെ ഉല്പാദനം, വിതരണം എന്നിവ പ്രായോഗികമാക്കുന്നതിന് അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തും, (2) കള്ളുഷാപ്പുകൾ വില്പന നടക്കാത്തതിനാൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഒന്നിൽ കൂടുതൽ യൂണിറ്റുകൾക്കും മറ്റ് ജില്ലകളിൽ ഓരോ യൂണിറ്റിനും നീര ഉല്പാദിപ്പിക്കുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ നാളികേര വികസന ബോർഡിനു കീഴിലുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സമിതി/സൊസൈറ്റി (സിപിഎസ്) ഫെഡറേഷൻ എന്നിവയ്ക്ക് അനുമതി നൽകും, (3) കള്ള്ചെത്ത് മേഖലയിലുള്ളവർക്ക് നീര ചെത്തുന്നതിൽ മുൻഗണന നൽകുകയും, ആവശ്യത്തിന് തൊഴിലാളികൾ ലഭ്യമല്ലെങ്കിൽ ട്രെയിനിംഗ് നൽകി നീര ടെക്നീഷ്യൻമാരെ നിയോഗിക്കുകയും, ഇത്തരത്തിലുള്ളവരേയും കള്ളു ചെത്തു തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാക്കുകയും ചെയ്യും,

(4) കള്ളുഷാപ്പുകളിൽ നീര വില്പന നടത്താൻ പാടില്ല എന്ന് നിഷ്കർഷിച്ചുകൊണ്ടും, (5) ടോഡി-നീര ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നികുതി വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടും, പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2. സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും മേൽപ്പറഞ്ഞ കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, എന്നിവർക്ക് പുറമേ കേരള കാർഷിക സർവ്വകലാശാല, ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (Manufacturing and Marketing) കോർപ്പറേഷൻ ലിമിറ്റഡ് എന്നിവരേയും ഉൾപ്പെടുത്തുന്നതിന് എക്സൈസ് കമ്മീഷണർ, പരാമർശം (5) പ്രകാരം ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും, ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (Manufacturing and Marketing) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്ക്, പരാമർശം (3) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം (3)-ലെ സർക്കാർ ഉത്തരവ്, മേൽ പ്രസ്താവിച്ച പ്രകാരം മാത്രം ഭേദഗതി ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),
എ. അജിത് കുമാർ,
സെക്രട്ടറി.

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, തിരുവനന്തപുരം.
3. ഡയറക്ടർ, കൃഷി വകുപ്പ്.
4. ഡയറക്ടർ, നാളികേര വികസന ബോർഡ്.
5. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല.
6. ഡയറക്ടർ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ.
7. ഡയറക്ടർ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ.
8. അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്) കേരളം, തിരുവനന്തപുരം.
9. ധനകാര്യ വകുപ്പ്.
10. കൃഷി വകുപ്പ്.
11. പൊതുഭരണ (എസ്.സി) വകുപ്പ് (29-01-2014-ലെ, ഇനം നമ്പർ 4852 പ്രകാരം).
12. വിവര പൊതുജന സമ്പർക്ക വകുപ്പ്.
13. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ആഫീസർ.